**പതിനാലാം കേരളനിയമസഭ**
**പത്താം സമ്മേളനം**

| **നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *169** | **07.03.2018-ൽ മറുപടിക്ക്** |
|---|---|

**പോലീസ് വകുപ്പിൽ നിന്ന് അന്വേഷണ രഹസ്യങ്ങൾ ചോരുന്നത് തടയാൻ നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി<br>,, ടി.എ. അഹമ്മദ് കബീർ<br>,, പി.കെ. അബ്ദു റബ്ബ്<br>,, ടി.വി. ഇബ്രാഹിം | | പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
| (എ) | കുറ്റകൃത്യങ്ങളെ സംബന്ധിച്ച അന്വേഷണ വിവരങ്ങളും റെയ്ഡ് പോലുള്ള അതീവ രഹസ്യങ്ങളും പോലീസ് വകുപ്പിൽ നിന്നു തന്നെ ചോരുന്നതായുള്ള ആക്ഷേപങ്ങളും പരാതികളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പ്രതികളെ പിടികൂടുന്നതിന് തടസ്സങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; | (എ) | കുറ്റകൃത്യങ്ങളെ സംബന്ധിച്ച അന്വേഷണ വിവരങ്ങളും റെയ്ഡ് പോലുള്ള അതീവ രഹസ്യങ്ങളും പോലീസ് വകുപ്പിൽ നിന്നു തന്നെ ചോരുന്നതായുള്ള ആക്ഷേപങ്ങളും പരാതികളും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | അന്വേഷണ വിവരങ്ങൾ പ്രതികൾക്കോ മറ്റുള്ളവർക്കോ ചോർത്തി നൽകുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിച്ചുവരുന്നുണ്ടോ; എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇത്തരത്തിൽ അന്വേഷണ വിവരം ചോർത്തി നൽകിയ എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | (ബി) | ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ കുറ്റക്കാർക്കെതിരെ കർശനമായ നിയമ നടപടികളും വകുപ്പുതല നടപടികളും സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ